**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 543 — 01.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർ ഫെഡിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കൺസ്യൂമർഫെഡിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തി വരുന്നു. |
| (ബി) | അഴിമതിയുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുകയുണ്ടായോ; രേഖകൾ ഇപ്പോൾ ആരുടെ കസ്റ്റഡിയിലാണെന്ന് വെളിപ്പെടുത്തുമോ; വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നല്കുകയുണ്ടായോ; എങ്കിൽ ഏത് ദിവസം ; ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കാമോ; | (ബി) | അഴിമതിയുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെടാതിരിക്കാൻ കൺസ്യൂമർഫെഡറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രേഖകൾ ഓരോ വിഭാഗത്തിലേയും, ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പക്കലാണ്. വിജിലൻസ് അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ നേരിട്ട്, 29/5/15, 4/6/15, 26/6/15, 27/7/15 എന്നീ തീയതികളിൽ വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ട് നല്കിയിട്ടുണ്ട്. ആയതിന്മേലുള്ള അന്വേഷണം പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ക്രമവിരുദ്ധമായ നടപടികൾ, നവീകരണം, അറ്റകുറ്റപണി , സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവയുടെ ഭാഗമായി നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട അഴിമതികൾ ഏതൊക്കെ;വിശദമാക്കാമോ; | (സി) | സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങാതെ പൊതുഫണ്ടിൽ നിന്നും തുക ചെലവഴിച്ച നവീകരണം, അറ്റകുറ്റപണികൾ, സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവ നടത്തിയത് സംബന്ധിച്ചുള്ള പരിശോധനയും കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയത് ഏപ്പോഴാണ്? | (ഡി) | ഓപ്പറേഷൻ അന്നപൂർണ്ണയുടെ ഭാഗമായി കൺസ്യൂമർഫെഡിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് 22.10.13 ൽ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ